ഉത്തരം

(എ) സംസ്ഥാനത്ത് 519 ഗവൺമെന്റ്/എയ്ഡഡ് ഹൈസ്കൂളുകളിൽ കമ്പ്യൂട്ടർ പഠനത്തിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഓരോ സ്കൂളിലും 3 മുതൽ 5 വരെ കമ്പ്യൂട്ടറുകളും ഒരു പ്രിന്ററുമാണ് നൽകിയിട്ടുള്ളത്. കമ്പ്യൂട്ടറുകൾ ഒന്നും കേടായി കിടപ്പുള്ളതായി റിപ്പോർട്ടു ചെയ്തിട്ടില്ല. കമ്പ്യൂട്ടറുകൾ സ്ഥാപിച്ച സ്കൂളുകളുടെ വിദ്യാഭ്യാസജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

(ബി) കേടാകുന്ന കമ്പ്യൂട്ടർ നന്നാക്കുന്നതിന് വാർഷിക പരിചരണ കരാർ (എ.എം.സി.) വിവിധ കമ്പനികൾക്ക് നൽകിയിട്ടുണ്ട്. ഈ കരാർ അനുസരിച്ച് കേടാകുന്ന കമ്പ്യൂട്ടറുകളെ സംബന്ധിച്ച വിവരം സ്കൂൾ അധികൃതർ കമ്പനിയെ അറിയിക്കുന്ന മുറയ്ക്ക് നന്നാക്കി നൽകിവരുന്നു.

(സി) കമ്പ്യൂട്ടർ പഠനത്തിനായി പ്രത്യേക പീരിയഡുകൾ അനുവദിച്ചിട്ടില്ല. റെഗുലർ ക്ലാസ്സുകൾ നഷ്ടപ്പെടാത്ത രീതിയിൽ സോഷ്യലി യൂസ്ഫുൾ പ്രൊഡക്ടീവ് വർക്ക് (എസ്.യു.പി.ഡബ്ല്യു.)ന് അനുവദിച്ച പീരിയഡുകളിലും, ശനിയാഴ്ചകളിലുമാണ് സിലബസ് പ്രകാരം കമ്പ്യൂട്ടർ പഠനം കുട്ടികൾക്കായി സംവിധാനം ചെയ്തിരിക്കുന്നത്.

40 (1254) ഐ.ഐ.ടി. മാതൃകയിൽ സ്ഥാപനം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.ഐ.ടി. മാതൃകയിൽ ഏതെങ്കിലും സ്ഥാപനം ആരംഭിക്കാൻ ഉദ്ദേശ്യമുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇതിന്റെ പുരോഗതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ഡി) ഏതെല്ലാം വിഷയങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇതിന് കേന്ദ്രത്തിന്റെ എന്തെങ്കിലും സഹായം ലഭിക്കുന്നുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി)മതൽ(എഫ്)വരെ ചോദ്യം ഉദിക്കുന്നില്ല.

41 (1255) സാൻമാർഗ്ഗിക മൂല്യങ്ങൾ വളർത്തുന്നതിനുള്ള പാഠങ്ങൾ

ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. ബാബു :

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
1093/2010.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി രാധാരാഘവൻ :

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.പി.ഇ.പി. പദ്ധതിപ്രകാരം കുട്ടികളിൽ സാൻമാർഗ്ഗിക മൂല്യങ്ങൾ വളർത്തുന്നതിനും സാമൂഹ്യബോധം ഉണർത്തുന്നതിനും നമ്മുടെ സംസ്കാരത്തോട് ബഹുമാനം ഉണ്ടാക്കുന്നതിനും ദേശീയബോധം തളിരിടുന്നതിനും സഹായകരമായ പാഠങ്ങൾ പുസ്തകങ്ങളിൽ ചേർത്തിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ഓരോ ഇനത്തിലുംപെട്ട പാഠങ്ങൾ ഏതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) താഴെ പറയുന്ന പാഠങ്ങളിൽ പ്രസ്തുത മൂല്യങ്ങൾ പാഠഭാഗങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

സാന്മാർഗ്ഗിക മൂല്യങ്ങൾ

(പുത്തിരി ഒന്നാം ക്ലാസ്സ്)

(1) പാഠം 10 - കുറുക്കന്റെ കൊതി.

(2) പാഠം 11 - മുത്തശ്ശിയും പൂലിയും.

(3) പാഠം 16 - കാക്കേ കാക്കേ കൂടെവിടെ.

സാമൂഹ്യ മൂല്യങ്ങൾ

(1) പാഠം 8 - പൂച്ചവണ്ടി

(2) പാഠം 9 - ഉണ്ടിണ്ടം താളത്തിൽ

(പുത്തിരി രണ്ടാം ക്ലാസ്സ്)

സാന്മാർഗ്ഗിക മൂല്യങ്ങൾ

(1) പാഠം 7 - താരികാന്താരോം

(2) പാഠം 8 - കുറുക്കന്റെ കല്യാണം.

(3) പാഠം 9 - ആമിനയുടെ കൂട്ടുകാരൻ

(4) പാഠം 10 - വാൽ കണ്ണാടി

(5) പാഠം 12 - മാനത്തെ പപ്പടം

(6) പാഠം 13 - വീട്ടുവിശേഷം

(7) പാഠം 19 - സമ്മാനം

സാംസ്കാരിക മൂല്യങ്ങൾ

(1) പാഠം 14 - ഉത്സവമേളം

ദേശീയത

(1) പാഠം 20 - നമ്മളൊന്ന്

മിന്നാമിന്നി - (മൂന്നാം ക്ലാസ്സ്)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സാമൂഹിക മൂല്യങ്ങൾ

(1) പാഠം 2 – കൊള്ളാം കൊള്ളാം പെയ്യട്ടെ
(2) പാഠം 4 – വെള്ളം വെള്ളം സർവ്വത്ര
(3) പാഠം 5 – വിത്തും കൈക്കോട്ടും
(4) പാഠം 8 – അക്കിടി പറ്റിയ കുഞ്ഞവറാൻ
(5) പാഠം 12 – രൂപങ്ങൾ
(6) പാഠം 19 – എന്റെ ഗ്രാമം

സാംസ്കാരിക മൂല്യങ്ങൾ

(1) പാഠം 15 – വസ്ത്രങ്ങൾ എന്തെല്ലാം തരം
ദേശീയത
(1) പാഠം 19 – എന്റെ ഗ്രാമം.
(2) പാഠം 21 – എന്റെ വീട് എന്റെ നാട്

മിന്നാമിന്നി – (നാലാം ക്ലാസ്സ്)

സാന്മാർഗ്ഗിക മൂല്യങ്ങൾ

(1) പാഠം 8 – മരം ഒരു വരം
(2) പാഠം 16 – അമ്മയും കുഞ്ഞും

സാമൂഹിക മൂല്യങ്ങൾ

(1) പാഠം 5 – ഈച്ചയെ നാടു കടത്തു
(2) പാഠം 6 – സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട
(3) പാഠം 8 – മരം ഒരു വരം

സാംസ്കാരിക മൂല്യങ്ങൾ

(1) പാഠം 11 – എത്രയെത്ര തൊഴിലുകൾ
(2) പാഠം 21 – എന്റെ സംസ്ഥാനം കേരളം
(3) പാഠം 25 – ഇൻഡ്യ എന്റെ രാജ്യം

ദേശീയത

(1) പാഠം 14 – നമ്മെ ഭരിക്കും നാം തന്നെ
(2) പാഠം 19 – എന്റെ നാട്ടിലേക്ക്
(3) പാഠം 21 – എന്റെ സംസ്ഥാനം കേരളം
(4) പാഠം 25 – ഇൻഡ്യ എന്റെ രാജ്യം

42 (1256) പ്രീ-പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ: